"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി രമ്യ.വി.വി യുടെ വയനാട് ജില്ലാ പഞ്ചായത്തിലെ അന്യത്ര സേവന നിയമനം റദ്ദ് ചെയ്ത് - ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.989/2024/LSGD തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:- 1. 21.10.2023 തീയതിയിലെ സ.ഉ(സാധാ) 2069/2023/LSGD നമ്പർ ഉത്തരവ്

2. 29.12.2023ലെ സ ഉ (സാധാ)നം.2601/2023/എൽഎസ്ജിഡി നമ്പർ ഉത്തരവ്

3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.05.2024ലെ LSGD/PD/16411/2024-IE3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 ആയ ശ്രീമതി രമ്യ.വി.വി- യുടെ വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമനം 18.01.2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തിയിരുന്ന ജില്ലാ പഞ്ചായത്ത് ഓഫീസുകളിലെ 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിന്റെ കേഡർ തസ്തികകളാക്കി മാറ്റി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്തുന്നതിനായി നിലവിൽ ടി തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്ന ജീവനക്കാരെ വിടുതൽ ചെയ്ത് മാതൃ വകുപ്പിലേയ്ക്ക് അയക്കേണ്ടതുണ്ട് എന്നും ആയതിനാൽ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്തുന്നതിനായി ശ്രീമതി രമ്യ വി.വി യുടെ അന്യത്ര സേവനകാലാവധി റദ്ദ് ചെയ്ത് തിരികെ ആസ്ഥാന കാര്യാലയത്തിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം

അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 ആയ ശ്രീമതി രമ്യ.വി.വി യുടെ വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ അന്യത്ര സേവനം റദ്ദ് ചെയ്യും അടിയന്തരമായി മാതൃവകുപ്പിൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് ടിയാൾക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രസിഡന്റ് / സെക്രട്ടറി, വയനാട് ജില്ലാ പഞ്ചായത്ത്
3.ശ്രീമതി.രമ്യ വി വി , കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് , (വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന)
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5.അക്കൗണ്ടന്റ് ജനറൽ(എൽ ബി & എ) )കേരള, തിരുവനന്തപുരം
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.96/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 11-06-2024 16:39:20